കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' നവംബർ 22 വെള്ളി

# ഗദ്ദിക 2019:
# ഒരുക്കങ്ങൾ വിലയിരുത്തി

ആലപ്പുഴ: ഡിസംബർ 3 മുതൽ മാവേലിക്കര കോയിക്കൽ ഗാർഡൻസിൽ നടക്കുന്ന ഗദ്ദിക- 2019 മേളയുടെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി വിവിധ സബ് കമ്മിറ്റികളുടെ യോഗം ചേർന്നു. മാവേലിക്കര ഗവ. റെസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ് അധ്യക്ഷത വഹിച്ചു. മേളയുടെ ഭാഗമായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗത സംവിധാനങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ യോഗം ചർച്ച ചെയ്തു. പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പത്ത് ദിവസങ്ങളിലായാണ് ഉത്പന്ന- വിപണന- പ്രദർശന മേള നടക്കുന്നത്. മേളയുടെ ഭാഗമായി വിവിധ കലാപരിപാടികളും അരങ്ങേറും. ചെങ്ങന്നൂർ ഡി.വൈ.എസ്.പി അനീഷ് വി. കോര, മാവേലിക്കര മുൻ നഗരസഭാധ്യക്ഷൻ കെ.ആർ മുരളീധരൻ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# വൈദ്യുതി മുടങ്ങും

ആലപ്പുഴ: കായംകുളം വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ഒതനാകുളം ഈസ്റ്റ്, കൊച്ചുകുളങ്ങര നമ്പർ 2, ഷഹീദാർ പള്ളി വടക്ക് എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ ഇന്ന് (23.11.2019) രാവിലെ ഒമ്പതു മുതൽ വൈകിട്ട് ആറ് മണി വരെ വൈദ്യുതി മുടങ്ങുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു